## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.50** — **1/12/2015-ൽ മറുപടിക്ക്**

### ബി.എസ്.ഇ.എസ്. താപനിലയവുമായുള്ള വൈദ്യുതി വാങ്ങൽ കരാർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ.കെ.ശശീന്ദ്രൻ<br>,, തോമസ് ചാണ്ടി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) റിലയൻസ് ഗ്രൂപ്പിന്റെ ബി.എസ്.ഇ. (എ) എസ്. താപനിലയവുമായുള്ള വൈദ്യുതി വാങ്ങൽ കരാർ രണ്ടുവർഷം കൂടി നീട്ടുന്നതിനായി സർക്കാർ തീരുമാനി ച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യ മാക്കുമോ ; | സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നാൽ ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റ ഡിന്റെ കൊച്ചിയിലുള്ള പവർ പ്ലാന്റു മായിട്ടുണ്ടായിരുന്ന വൈദ്യുതി വാങ്ങൽ കരാറിന്റെ കാലാവധി 31.10.2015-ന് അവസാനിച്ച സാഹചര്യത്തിൽ ആയത് നാഫ്ത ഇന്ധനമാക്കി നിലനിർത്തികൊണ്ട് ചില നിബന്ധനകൾക്ക് വിധേയമായി 2 വർഷത്തേയ്ക്ക് കൂടി നീട്ടാൻ 20.05.2015-ൽ ചേർന്ന കെ.എസ്.ഇ.ബി. ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. ഈ രണ്ടു വർഷത്തിനിടയിൽ ഗ്യാസ് മാർക്കറ്റിലുള്ള അനിശ്ചിതത്വവും, ഇന്ധനം പ്രകൃതി വാതകത്തിലേയ്ക്ക് മാറ്റു ന്നതിനുള്ള ചെലവും മറ്റ് പ്രതിബന്ധങ്ങളും കണക്കിലെടുത്ത് കൊണ്ട് ഇന്ധനം പ്രകൃതി വാതകത്തിലേയ്ക്ക് മാറ്റുന്ന തിനുള്ള മാർഗ്ഗങ്ങളും നടപ്പിലാക്കേണ്ട താണെന്നും പ്രസ്തുത പ്ലാന്റ് കാലപ്പഴക്കം മൂലം വിലയിടിവ് (depreciation) വന്നിട്ടുള്ള തിനാൽ നിലവിലെ താരിഫും മറ്റ നിബന്ധനകളും കാലാനുസൃതമായി മാറ്റി കൊണ്ടായിരിക്കണം വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെടേണ്ടതെന്നും ഡയറക്ടർ ബോർഡ് യോഗം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വൈദ്യുതി വാങ്ങൽ കരാർ പുതുക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നത് കേരള സംസ്ഥാന |

(....2)

റഗുലേറ്ററി കമ്മീഷന്റെ അനുമതിയ്ക്ക് വിധേയ മായിട്ടാണ്. ഇക്കാര്യം റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്. അന്തിമ അനുമതി ലഭി ച്ചിട്ടില്ല.

| | |
|---|---|
| (ബി) ഉയർന്ന വിലയുള്ള വൈദ്യുതി കെ. എസ്.ഇ.ബി വാങ്ങിയിട്ടില്ലെങ്കിലും കരാർ പ്രകാരമുള്ള ഫിക്സഡ് കോസ്റ്റായി മാസം തോറും നൽകേണ്ട തുക എത്രയെന്ന് വെളിപ്പെടുത്തുമോ; | (ബി) നിലവിലുള്ള കരാർ പ്രകാരം 2015 ഒക്ടോബർ 31 ന് അവസാനിച്ച വർഷത്തിൽ ഫിക്സഡ് ചാർജ്ജായി യൂണിറ്റൊന്നിന് 0.6204 രൂപ നൽകിയിരുന്നു. ആയത് പ്രതിമാസം 5.69 കോടി രൂപയായിരുന്നു. |
| (സി) പ്രസ്തുത കരാർമൂലം കെ.എസ്.ഇ. ബി.യ്ക്ക് കടുത്ത സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നത് കണക്കിലെടുത്ത് ഇതിൽ നിന്നും ഒഴിവാകുന്ന കാര്യം പരി ഗണിക്കുമോ? | (സി) കേരളത്തിന്റെ മൊത്തം വൈദ്യുത ഉപയോഗ ത്തിന്റെ ഏകദേശം 70 ശതമാനത്തോളം വൈദ്യുതി കേരളത്തിന് പുറത്തു നിന്നാണ് ലഭ്യമാക്കുന്നത്. ഇതിൽ ഹരിയാന, ഒറീസ, ഛത്തീസ്ഗഡ് എന്നിവിടങ്ങളിൽ നിന്നും വൈദ്യുതി വാങ്ങുന്നുണ്ട്. ആയതിനാൽ ഏതെങ്കിലും സാഹചര്യത്തിൽ പുറത്ത് നിന്നും വരുന്ന പ്രസരണ ലൈനുകൾ ലഭ്യമാകാ തിരുന്നാൽ കേരളത്തിൽ ലോഡ് ഷെഡ്ഡിംഗ്, പവർകട്ട് എന്നിവ ഏർപ്പെടുത്തേണ്ട സാഹ ചര്യമാണ് നിലവിലുള്ളത്. കൂടാതെ ഏതെങ്കിലും കാരണവശാൽ മഴയുടെ ലഭ്യത കുറവ് മൂലം കേരളത്തിനകത്ത് വൈദ്യുതി ഉൽപ്പാദനം കുറഞ്ഞാലും മേൽപ്പറഞ്ഞ സാഹചര്യം തന്നെയായിരിക്കും. കൂടുതൽ വൈദ്യുതി ലഭിക്കുന്നതിനായി വിവിധ ഉൽപ്പാദകരുമായി കരാറിലേർപ്പെട്ടിട്ടുണ്ടെ ങ്കിലും പ്രസരണ ലൈനിന്റെ ലഭ്യത ഇനിയും ഉറപ്പായിട്ടില്ല. മഴ കുറയുകയോ പുറത്തു നിന്നുള്ള പ്രസരണ ലൈനുകളിൽ എന്തെ ങ്കിലും പ്രശ്നം സംഭവിക്കുകയോ ചെയ്താൽ കേരളത്തിനകത്ത് രൂക്ഷമായ വൈദ്യുതി ക്ഷാമമായിരിക്കും. കേരളം ഇരുട്ടിലാവുന്ന സാഹചര്യം ഒഴിവാക്കാൻ വേണ്ടിയാണ് |

(....3)

അധിക സാമ്പത്തിക ബാധ്യത പരിഗണി ക്കാതെ ഈ സാഹചര്യത്തിൽ പകരം ഉപയോഗിക്കാവുന്ന (stand by) പ്ലാന്റായി BKPL പ്ലാന്റിനെ നിലനിർത്താൻ ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചത്. കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അന്തിമ അനുമതിക്ക് വിധേയമായിട്ട് മാത്രമെ വൈദ്യുതി വാങ്ങൽ കരാർ പുതുക്കുന്നത് സാധ്യമാകുകയുള്ളൂ. വൈദ്യുതി വാങ്ങൽ കരാർ ദീർഘിപ്പിക്കുന്ന കാര്യം കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്. കരാർ പുതുക്കുന്ന കാര്യ ത്തിൽ സർക്കാർ ഇതുവരെ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**